കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണവകുപ്പ് - കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീ കെ എം സലീമിന് അനുവദിച്ച ശൂന്യവേതനാവധിയുടെ അനുഭവിക്കാത്ത ഭാഗം റദ്ദാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

# തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ(സാധാ).നം. 1846/ 2016/തസ്വഭവ തീയതി, തിരുവനന്തപുരം,04/6/2016

---

പരാമർശം: 1. സ.ഉ(സാധാ) നം. 1109/2012/തസ്വഭവ തീയതി 12.04.2012

2. ശ്രീ കെ എം സലീമിന്റെ 22.04.2015 ലെ അപേക്ഷ.

3. പഞ്ചായത്ത് ഡയറക്ടറുടെ 27.02.2016 ലെ ഇ 5- 5017/12 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീ കെ എം സലീമിന് വിദേശത്ത് മെച്ചപ്പെട്ട ജോലിയ്ക്കായി പരാമർശം 1 ലെ സർക്കാർ ഉത്തരവ് പ്രകാരം 5 വർഷത്തേയ്ക്ക് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവായിരുന്നു. ടിയാൻ 13.04.2012 മുതൽ ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും അവധിക്കാലയളവ് തീരുന്നതിന് മുമ്പ് 17.03.2015 ൽ ജോലിയിൽ പുന:പ്രവേശിയ്ക്കുകയും ചെയ്തു. ആയതിനാൽ ടിയാന് അനുവദിച്ച ശൂന്യവേതനാവധിക്കാലയളവിൽ ടിയാൻ വിനിയോഗിക്കാത്ത 17.03.2015 മുതലുള്ള ശൂന്യവേതനാവധി കാലയളവ് റദ്ദ് ചെയ്യുന്നതിന് പരാമർശം 3 പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീ കെ എം സലീമിന് പരാമർശം 1 പ്രകാരം അനുവദിച്ച ശൂന്യവേതനാവധിയുടെ അനുഭവിക്കാത്ത 17.03.2015 മുതൽ 13.04.2017 വരെയുള്ള കാലയളവ് റദ്ദ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല.സി.എസ്**

ഗവ. അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (സേവനപുസ്തകം സഹിതം)

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട് (പഞ്ചായത്ത് ഡയറക്ടർ മുഖേന)

സെക്രട്ടറി, കുറ്റ്യാടി ഗ്രാമപഞ്ചായത്ത്, കോഴിക്കോട് (പഞ്ചായത്ത് ഡയറക്ടർ മുഖേന)

ശ്രീ കെ എം സലീം, സീനിയർ ക്ലാർക്ക്, കുറ്റ്യാടി ഗ്രാമപഞ്ചായത്ത്, കോഴിക്കോട് (പഞ്ചായത്ത് ഡയറക്ടർ മുഖേന)

ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(47/ഇപിഎ 1/16/തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ